KERALA STARTUP MISSION®

KSCSTE

KFRI

LSGD
തദ്ദേശ സ്വയംഭരണ വകുപ്പ്

Kerala State Industrial Development Corporation Ltd.
KSIDC

സംയുക്തമായി സംഘടപ്പിക്കുന്ന

RIM 2023
RURAL INNOVATORS' MEET

കേരള സംസ്ഥാന
ശാസ്ത്ര സങ്കേതിക
പരിസ്ഥിതി കൗൺസിലിന്റെ

# ഗ്രാമീണ ഗവേഷക സംഗമം

2023 ഡിസംബർ
**7.8**

KSCSTE
കേരള വന ഗവേഷണ സ്ഥാപനം
(KFRI), പീച്ചി, തൃശൂർ





സഹകരണത്തോടെ

APJ ABDUL KALAM TECHNOLOGICAL UNIVERSITY
KTU

DIRECTORATE OF TECHNICAL EDUCATION
KERALA (GOVERNMENT OF KERALA)

കേരള സർക്കാർ
കൃഷി വകുപ്പ്



ഭാരതത്തിലെ ഭൂരിഭാഗം ജനങ്ങൾ കൃഷിയിലും അനുബന്ധ തൊഴിലിലും ഏർപ്പെട്ടിരിക്കുന്നതിനാൽ, ഗ്രാമീണ സാങ്കേതികവിദ്യയുടെ വികസനം നമ്മുടെ രാജ്യത്തിന്റെ വികസനത്തെ നിർണയിക്കുന്ന അടിസ്ഥാന ഘടകമാണ്. ഗ്രാമീണ സാങ്കേതിക വിദ്യ കാർഷിക കാർഷികേതര മേഖലയുടെ സമൂലമായ വികസനത്തിനും, തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനും ഉതകുന്നതാണ്. ഭാരതത്തിലെ പല സർക്കാർ/ സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളും ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ടെങ്കിലും ഗ്രാമീണ ഗവേഷണാനന്തര ഫലങ്ങൾ പരിമിതമായി മാത്രമേ ഗ്രാമീണ മേഖലയ്ക്ക് ലഭിക്കുന്നുള്ളൂ. കേരളത്തിലെ ഗ്രാമീണ മേഖലയ്ക്കു ഉതകുന്ന രീതിയിലുള്ള ഗ്രാമീണ സാങ്കേതികവിദ്യകൾ വികസിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും വേണ്ട പ്രോത്സാഹനം ഗ്രാമീണ ഗവേഷകർക്ക് നൽകേണ്ടതും, അവരെ ദേശീയ ശാസ്ത്ര ഗവേഷണ കേന്ദ്രങ്ങളുമായി ബന്ധപ്പെടുത്തേണ്ടതും അത്യന്താപേക്ഷികമാണ്. ഈ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ എല്ലാ വർഷവും ഗ്രാമീണ ഗവേഷക സംഗമം (Rural Innovators' Meet) സംഘടിപ്പിക്കുന്നത്.

## RIM 2023 ൻറെ ലക്ഷ്യങ്ങൾ

- ഗ്രാമീണ മേഖലയിൽ പ്രവർത്തിക്കുന്ന സാങ്കേതിക വിദഗ്ധർക്ക് തങ്ങളുടെ സാങ്കേതികവിദ്യകൾ പ്രദർശിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമുള്ള അവസരമുണ്ടാക്കുക.
- ഗ്രാമീണ മേഖലയിൽ പ്രവർത്തിക്കുന്ന വിദഗ്ധർക്ക് അന്യോന്യം അറിവ് പങ്കുവയ്ക്കുന്നതിനും ഗവേഷണ സ്ഥാപനങ്ങളിലെ ശാസ്ത്രജ്ഞരുമായി ആശയവിനിമയം നടത്തുന്നതിനും അവസരം ഒരുക്കുക.
- പൊതുജനങ്ങൾക്ക് സാങ്കേതികവിദ്യകൾ കാണുന്നതിനും മനസിലാക്കുന്നതിനുമുള്ള അവസരം നൽകുക.
- ബൗദ്ധിക സ്വത്തവകാശ നിയമത്തെക്കുറിച്ചും ബന്ധപ്പെട്ട വിവരങ്ങളെക്കുറിച്ചും ഗ്രാമീണഗവേഷകർക്ക് അറിവ് നൽകുക.

**RIM 2023 ൽ പങ്കെടുക്കുന്ന സംരംഭകത്വ സാധ്യതയുള്ള പത്ത് (പരമാവധി) സാങ്കേതിക വിദ്യകൾക്ക് സംരംഭകത്വത്തിലേക്ക് വേണ്ടുന്ന സാമ്പത്തിക സഹായം, സാങ്കേതിക സഹായം കേരള സ്റ്റാർട്ടപ്പ് മിഷൻ, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ ലിമിറ്റഡ് (KSIDC) എന്നീ സ്ഥാപനങ്ങൾ വഴി നൽകുന്നതാണ്.**



## RIM 2023 പ്രവർത്തന ക്രമീകരണം

രണ്ടു ഘട്ടങ്ങളിലായാണ് ഗ്രാമീണ ഗവേഷക സംഗമം 2023 ക്രമീകരിച്ചിരിക്കുന്നത്. ആദ്യ ഘട്ടമായ പ്രാദേശിക ഗ്രാമീണ ഗവേഷക സംഗമം കേരളത്തിലെ ഈ രണ്ട് ജില്ലകൾ വീതം ഒരുമിപ്പിച്ചു, തിരഞ്ഞെടുക്കുന്ന സ്ഥാപനങ്ങളിൽ സംഘടിപ്പിക്കുന്നു. പ്രാദേശിക ഗ്രാമീണ ഗവേഷക സംഗമത്തിൽ നിന്നും തിരഞ്ഞെടുക്കുന്നവർ സംസ്ഥാന ഗ്രാമീണ ഗവേഷക സംഗമത്തിൽ മത്സരിക്കുന്നു. രണ്ടാം ഘട്ടമായ സംസ്ഥാന ഗ്രാമീണ ഗവേഷക സംഗമം നവംബർ 17, 18 തീയതികളിൽ KSCSTE - കേരള വന ഗവേഷണ സ്ഥാപനം (KFRI), പീച്ചി, തൃശൂരിൽ വച്ചു നടത്തപ്പെടുന്നു.

## RIM 2023ലെ പ്രധാന പരിപാടികൾ

മികച്ച ഗ്രാമീണ സാങ്കേതിക വിദ്യ കണ്ടെത്തുന്നതിനുള്ള മത്സരം (Contest)
സാങ്കേതിക വിദ്യകളുടെ പ്രദർശനം (Exhibition)

ലളിതവും പ്രായോഗികവുമായ സാങ്കേതിക വിദ്യകൾ, കൃഷിരീതികൾ, ശാസ്ത്രീയ ഗവേഷണ ഉത്പന്നങ്ങൾ എന്നിവയാണ് മത്സരത്തിന് പരിഗണിക്കുക

വ്യക്തികളോ, വിദ്യാർത്ഥികളോ, സർക്കാരേതര ഗവേഷണ സ്ഥാപനങ്ങളോ വികസിപ്പിച്ചെടുത്തവ ആയിരിക്കണം

നൂതനത്വമുള്ള സാങ്കേതിക വിദ്യകൾ മാത്രമേ മത്സര വിഭാഗത്തിൽ പരിഗണിക്കുകയുള്ളൂ. മുമ്പുള്ള RIMൽ പങ്കെടുത്തതോ മറ്റേതെങ്കിലും മത്സരങ്ങളിൽ സമ്മാനം ലഭിച്ചതോ നൂതനത്വം നഷ്ടപ്പെടുകയോ ചെയ്തവ പരിഗണിക്കുന്നതല്ല.

സോഫ്റ്റുവെയറുകൾ, മൊബൈൽ ആപ്ലിക്കേഷനുകൾ, വിവിധയിനം ചികിത്സാ രീതികൾ, ഒറ്റമൂലികൾ ആശയങ്ങൾ എന്നിവ മത്സരത്തിന് പരിഗണിക്കുന്നതല്ല.

വ്യക്തികൾ, സന്നദ്ധസംഘടനകൾ മറ്റു സർക്കാരേതര സ്ഥാപനങ്ങൾ വികസിപ്പിച്ച സാങ്കേതികവിദ്യകൾ പ്രദർശനത്തിന് കൊണ്ടുവരാവുന്നതാണ്.

| മത്സര വിജയികൾക്ക് താഴെ പറയുന്ന രീതിയിൽ അവാർഡുകൾ നൽകുന്നതാണ്. | |
|---|---|
| മുഖ്യമന്ത്രിയുടെ റൂറൽ ഇന്നൊവേഷൻ അവാർഡ് (ഒരെണ്ണം) | Rs.1,00,000/ |
| റൂറൽ ഇന്നൊവേഷൻ അവാർഡുകൾ (പരമാവധി രണ്ടെണ്ണം) | Rs. 25,000/ വീതം |
| വിദ്യാർത്ഥി റൂറൽ ഇന്നൊവേഷൻ അവാർഡുകൾ (പരമാവധി രണ്ടെണ്ണം) | Rs. 10,000/ വീതം |
| പ്രത്യേക അവാർഡുകൾ (പരമാവധി അഞ്ചെണ്ണം) | Rs. 5,000/ വീതം |
| ഏറ്റവും കൂടുതൽ ഗ്രാമീണ ഗവേഷകരെ സംസ്ഥാനതല RIM ൽ പങ്കെടുപ്പിക്കുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനം | Rs. 20,000/ |

## രജിസ്ട്രേഷൻ

- കേരളത്തിൽ നിന്നുമുള്ള അപേക്ഷകൾ മാത്രമേ RIM ലേക്ക് പരിഗണിക്കുകയുള്ളൂ.
- വ്യക്തിഗതമായോ ഗ്രൂപ്പായോ RIM ൽ പങ്കെടുക്കാവുന്നതാണ്. ഒരു ഗ്രൂപ്പിൽ പരമാവധി നാലുപേരെ അനുവദിക്കുന്നതാണ്.
- വിദ്യാർത്ഥി ആയി പരിഗണിക്കുന്നതിന് 22 വയസ്സിൽ താഴെ കേരളത്തിലെ അംഗീകൃത കലാലയങ്ങളിൽ 2022-23 അധ്യയന വർഷത്തിൽ പഠനത്തിലുള്ളവരായിരിക്കണം.
- അപേക്ഷകൾ ഓൺലൈനായി www.kscste.kerala.gov.in എന്ന വെബ്സൈറ്റ് മുഖേന അപേക്ഷിക്കേണ്ടതാണ്.
- അപേക്ഷാ ഫോറത്തിന്റെ മാതൃക www.kscste.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.
- അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി 15/11/2023

പ്രാദേശിക ഗ്രാമീണ ഗവേഷക സംഗമത്തിന്റെ വേദിയും തീയതിയും രജിസ്റ്റർ ചെയ്തതിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന ഗ്രാമീണ ഗവേഷകരെ പിന്നീട് അറിയിക്കുന്നതായിരിക്കും.

### കൂടുതൽ വിവരങ്ങൾക്ക്

**Dr. SHERIN B. M.**
Scientist-B, KSCSTE
Ph : +916282060950
0471 - 2548230,231
sherin.kscste@gmail.com
rim2023kscste@gmail.com

KERALA STATE COUNCIL FOR SCIENCE, TECHNOLOGY AND ENVIRONMENT
KSCSTE, Sasthra Bhavan
Pattom Palace P.O | Thiruvananthapuram 695004
T +91 – 471 – 2548209 mail.kscste@kerala.gov.in
www.kscste.kerala.gov.in